"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. നിസരി മേനോന് ടിയാൾ എഴുതിയിട്ടുള്ള തിരക്കഥ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1271/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/07/2021

---

പരാമർശം:- 1 ശ്രീമതി.നിസരി മേനോൻ സമർപ്പിച്ച അപേക്ഷ.

2 പഞ്ചായത്ത് ഡയറക്ടറുടെ 02.02.2021 ലെ PAN/21435/2018-E10(DP) നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. നിസരി മേനോൻ എഴുതിയിട്ടുള്ള തിരക്കഥ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ടിയാൾ അപേക്ഷ സമർപ്പിക്കുകയും ശ്രീമതി. നിസരി മേനോൻ എഴുതിയ തിരക്കഥയിൽ സർക്കാരിനെയോ സർക്കാർ നയങ്ങളെയോ വിമർശിക്കുന്ന പരാമർശങ്ങൾ ഇല്ല എന്നും തിരക്കഥ പുസ്തകരൂപത്തിൽ ടിയാൾ സ്വന്തമായിത്തന്നെയാണ് പ്രസിദ്ധീകരിക്കുന്നതെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി അറിയിക്കുകയും ശ്രീമതി. നിസരി മേനോന്റെ അപേക്ഷ തുടർനടപടികൾക്കായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. നിസരി മേനോന് കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960-ലെ ചട്ടം 48 ന്റെ ഒന്നാം പ്രൊവിസോ പ്രകാരവും ചട്ടം 62, 63 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും യാതൊരു പ്രതിഫലവും കൈപ്പറ്റാൻ പാടില്ലെന്നും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ഭംഗം വരുത്താൻ പാടില്ലെന്നും സർക്കാരിനെയോ സർക്കാർ നയങ്ങളെയോ ഏതെങ്കിലും തരത്തിൽ വിമർശിയ്ക്കാൻ പാടില്ലെന്നുമുള്ള വ്യവസ്ഥയിൽ ടിയാൾ എഴുതിയിട്ടുള്ള തിരക്കഥ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന് സോപാധിക അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ വ്യവസ്ഥകളിൽ എന്തെങ്കിലും വീഴ്ച വരുത്തുന്ന പക്ഷം ബന്ധപ്പെട്ട മേലധികാരി ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിയ്ക്കേണ്ടതും തുടർന്ന് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അനുമതി പിൻവലിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

**File No.LSGD-EPA2/110/2019-LSGD**

ശ്രീമതി. നിസരി മേനോൻ, ഓഫീസ് അറ്റൻഡന്റ്, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം ജില്ല(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്, മലപ്പുറം ജില്ല (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

എക്സി. ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(ഫയൽ നം. ഇപിഎ2/110/2019-തസ്വഭവ )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ